(ബി) എത്ര ആദിവാസി കുടുംബങ്ങൾക്ക് വീടുകളുടെ പുനർനിർമ്മാണത്തിനായി ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 6341 (ആറായിരത്തി മുന്നൂറ്റി നാൽപ്പത്തിയൊന്ന്)

(ബി) 1438 (ആയിരത്തി നാനൂറ്റി മുപ്പത്തിയെട്ട്)

ഭവന നിർമ്മാണത്തിന് ധനസഹായം

81 [6051] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം എത്ര പട്ടിക ജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്;

(ബി) എത്ര പട്ടിക ജാതി കുടുംബങ്ങൾക്ക് വീടുകളുടെ പുനർനിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 29-1-2003ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 86/03/പജപവവിവ. പ്രകാരം 500 പട്ടികജാതി കുടുംബങ്ങൾക്ക് വീട് റിപ്പയറിംഗിന് 50,00,000 രൂപ അനുവദിച്ചിരുന്നു.

ഭവന രഹിതർക്ക് നൽകിയ ധനസഹായം

82 [6052] ശ്രീ. തോമസ് ഉണ്ണിയാടൻ:
„ സ്റ്റീഫൻ ജോർജ്:
„ ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഭവനരഹിതരായ എത്ര പേർക്ക് എസ്. സി. എസ്. ടി. കോർപ്പറേഷൻവഴി ധനസഹായം നൽകിയിട്ടുണ്ടെന്നത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇതിനായി എന്തുതുക ചെലവഴിച്ചെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിന് എന്തു തുക വേണ്ടിവരുമെന്നും വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly